# വികസന നേട്ടങ്ങളിലൂടെ ......

# കൊല്ലം

**ഉള്ളടക്കം**


- **കൊല്ലം - ഒരു ആമുഖം**
- **കൊല്ലം ജില്ലയിലെ താലൂക്കുകൾ**
- **ജില്ലയുടെ ജനസംഖ്യാപരമായ വിവരങ്ങൾ**
- **ജില്ലയുടെ ആരോഗ്യ അടിസ്ഥാന വിവരങ്ങൾ**
- **ജില്ലയിലെ വികസന പ്രവർത്തനങ്ങൾ : നിയോജക മണ്ഡല അടിസ്ഥാനത്തിൽ**
- ബയോമെഡിക്കൽ എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം
- **ദേശീയ നഗര ആരോഗ്യ ദൗത്യം**
- **പാലിയേറ്റിവ് കെയർ പദ്ധതി**
- **നാഷണൽ ക്വളിറ്റി അഷ്വറൻസ് പ്രോഗ്രാം**
- രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം
- ജില്ലയിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ വികസന നേട്ടങ്ങൾ : സേവനങ്ങൾ

# I. കൊല്ലം - ഒരു ആമുഖം

**കൊല്ലം** കേരളത്തിലെ ഒരു നഗരമാണ്. കൊല്ലം ജില്ലയുടെ ആസ്ഥാനം. മുൻപ് ക്വയ്ലോൺ (Quilon) എന്നും ദേശിങ്ങനാട് എന്നും താർഷിഷ് (Tarsish) എന്നും അറിയപ്പെട്ടിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്തിലെ ഒരു പ്രധാനപ്പെട്ട വാണിജ്യ-വ്യാവസായിക കേന്ദ്രമായ ഈ നഗരം പ്രശസ്തിനേടി. പ്രാചീനകാലം മുതലേ പ്രമുഖ തുറമുഖമായിരുന്നു കൊല്ലം. അറബികൾ, റോമാക്കാർ, ചൈനാക്കാർ, ഗ്രീക്കുകാർ, ഫിനീഷ്യന്മാർ, പേർഷ്യാക്കാർ തുടങ്ങിയവർ പുരാതന കാലം മുതൽക്കേ കൊല്ലം തുറമുഖവുമായി സജീവമായ വാണിജ്യബന്ധം പുലർത്തിയിരുന്നു.


പുരാതനമായ വേണാട് നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നൂറ്റാണ്ടുകളുടെ പഴക്കമുള്ള കൊല്ലം നഗരം.കൊല്ലം തുറമുഖം ലോകത്തിലെ ഏറ്റവും വലിയ തുറമുഖങ്ങളിൽ ഒന്നായിരുന്നെന്നും അവിടത്തെ അങ്ങാടികൾ ഇൻഡ്യയിൽ വച്ചേറ്റവും മികച്ചതായിരുന്നു എന്നും ആദ്യകാലസഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചൈനയും അറേബ്യയുമായി ഈ നഗരം വിപുലമായ വാണിജ്യത്തിൽ ഏർപ്പെട്ടിരുന്നു ചൈനയുടെ ചക്രവർത്തി കുബ്ലൈഖാനുമായി കൊല്ലത്തിന് രാഷ്ട്രീയ ബന്ധമുണ്ടായിരുന്നു. മനോഹാരിതയിലും പ്രശസ്തിയിലും ഉയരങ്ങളിൽ നില നിന്നിരുന്ന കാലമുണ്ടായിരുന്നു. കൊല്ലത്തിനെ ദൈവത്തിന്റെ സ്വന്തം തലസ്ഥാനം എന്ന് വിളിക്കാറുണ്ട്

കൊല്ലം നഗരത്തിന് കൊല്ലവർഷത്തേക്കാൾ പഴക്കമുള്ളതായി വിശ്വസിക്കുന്നു. ഇതിനു ആരംഭം കുറിച്ചത് കൊല്ലത്തു നിന്നാണ്. പന്ത്രണ്ടു നൂറ്റാണ്ടു മുൻപ് ഉദയമാർത്താണ്ഡവർമ്മ

എന്ന തിരുവിതാംകൂർ രാജാവാണ് കൊല്ലവർഷം ആരംഭിച്ചതെന്ന് കരുതപ്പെടുന്നു. എ.ഡി 825-ൽ പണ്ഡിതന്മാരുടെ യോഗം വിളിച്ചുകൂട്ടി കലണ്ടർ നിശ്ചയിച്ചു നടപ്പാക്കിത്തുടങ്ങിയ ഈ പരിഷ്കാരം കേരളത്തിലൊട്ടാകെയും, തുടർന്ന് അന്നത്തെ തിരുവിതാംകൂർ രാജാവിന്റെ അധീനതയിലുണ്ടായിരുന്ന ചേരരാജ്യത്തിലേക്കും പ്രചരിച്ചു. ആ കാലത്തുതന്നെ മധുര, തിരുനെൽവേലി തുടങ്ങിയ പ്രദേശങ്ങളിലും ഇത് നിലവിൽ വന്നു. കൊല്ലത്ത് ആരംഭിച്ചതു കൊണ്ടാണ് ഈ കാലഗണനാസമ്പ്രദായത്തിന് കൊല്ലവർഷം എന്ന പേരു ലഭിച്ചത്. (എ.ഡി.825 ആഗസ്റ്റു 15ന് കൊല്ലവർഷം ആരംഭിച്ചു.) ഇൻഡ്യയിലെ ആദ്യത്തെ റോമൻ കത്തോലിക്കാ രൂപതയുടെ ആസ്ഥാനം കൊല്ലമായിരുന്നു.ഇന്ത്യയിലെ ആദ്യത്തെ പ്രിന്റിങ്ങ് പ്രസ് 1576ൽ കൊല്ലത്ത് സ്ഥാപിതമായി. ഡോക്ട്രീന ക്രിസ്റ്റം എൻ ലിൻഗ്വാ മലബാർ തമുൾ (തമ്പിരാൻ വണക്കം) എന്ന ആദ്യ ഭാരതീയഭാഷാപുസ്തകം (തമിഴ്) ഇവിടെ പ്രിന്റ് ചെയ്യുകയുണ്ടായി.

ക്രിസ്തുവർഷം 9ആം ശതകം വരെ കേരളം സന്ദർശിച്ചിട്ടുള്ള സഞ്ചാരികളുടെ വിവരണങ്ങളിലോ മറ്റ് ചരിത്രകാരമാരുടെ ഗ്രന്ഥങ്ങളിലോ കൊല്ലത്തേക്കുറിച്ചുള്ള പരാമർശങ്ങളില്ല.ക്രിസ്തുവർഷം 851ൽ കേരളം സന്ദർശിച്ച അറബി സഞ്ചാരിയായ സുലൈമാനാണ് കൊല്ലത്തെപ്പറ്റി ആദ്യമായി പരാമർശിച്ചിരിക്കുന്നത്. കൊല്ലവർഷം 24ആം ആണ്ടിലുണ്ടായ തരിസാപ്പള്ളി ശാസനത്തിലാണ് കരക്കോണിക്കൊല്ലം എന്ന് കൊല്ലം പട്ടണത്തെപ്പറ്റിയുള്ള സംശയാതീതമായ ആദ്യത്തെ പരാമർശം. കൊല്ലവർഷം 149ആം ആണ്ടിലെ മാമ്പള്ളി പട്ടയത്തിലും 278ലെ രാമേശ്വരം ശിലാരേഖയിലും കൊല്ലത്തെക്കുറിച്ച് പറയുന്നു. മധ്യ കാലഘട്ടത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തു നിന്ന് ചൈനയിലേക്ക് കപ്പലുകൾ പോയിരുന്നത് കൊല്ലം, കോഴിക്കോട് തുറമുഖങ്ങളിൽ നിന്നു മാത്രമായിരുന്നു.ഇവിടുത്തെ സന്മാർഗ്ഗ നിലവാരവും വ്യാപാരികളുടെ

സത്യസന്ധതയും വളരെ മികച്ചതാണന്നും മദ്യപാനമോ വ്യഭിചാരമോ ഇല്ലാത്ത നാടാണെന്നും അബുസൈദ് (ക്രി വ 950), ബഞ്ചമിൻ (ക്രി വ 1153-73) എന്നിവർ എഴുതിയിരിക്കുന്നു.കുരുമുളകു രാജ്യമായ മലബാറിന്റെ തെക്കേ അറ്റത്തെ തുറമുഖമാണ് കൊല്ലമെന്ന് അബുൽ ഫിദാ (ക്രി വ 1273 1331) എഴുതിയിട്ടുണ്ട്.



## II. കൊല്ലം ജില്ലയിലെ താലൂക്കുകൾ







# III. ജില്ലയുടെ ജനസംഖ്യാപരമായ വിവരങ്ങൾ


| | |
|---|---|
| ആകെ ജനസംഖ്യ | **26.35** ലക്ഷം |
| പുരുഷന്മാർ | 1,246,968 |
| സ്ത്രീകൾ | 1,388,407 |
| ജനസംഖ്യ വളർച്ച | 1.94% |
| ഏരിയ | 2,483 |
| സംസ്ഥാന ജനസഖ്യയുമായുള്ള അനുപാതം | 1,061 |
| ലിംഗ അനുപാതം | 7.89% |
| കുട്ടികളുടെ ലിംഗ അനുപാതം | 1113 |
| ആകെ കുട്ടികളുടെ എണ്ണം | 973 |
| ജനസംഖ്യ | 254,260 |
| ജനസംഖ്യ | 328263 |
| സാക്ഷരതാ നിരക്ക്- സ്ത്രീകൾ | 10761 |
| സാക്ഷരതാ നിരക്ക് - പുരുഷന്മാർ | 95.83 |
| പുരുഷന്മാർ | 91.95 |
| സ്ത്രീകൾ | 94.09 |

## IV. ജില്ലയുടെ ആരോഗ്യ അടിസ്ഥാന വിവരങ്ങൾ









1. <u>ജില്ലാ ആശുപത്രി</u>

    - എ.എ. റഹീം മെമ്മോറിയൽ ഗവണ്മെന്റ് ജില്ലാ ആശുപത്രി

2. <u>അമ്മയും കുഞ്ഞും ആശുപത്രി - ജില്ലാതലം</u>

    - ഗവണ്മെന്റ് വിക്ടോറിയ ആശുപത്രി കൊല്ലം,

3. <u>സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ</u>

- തൃക്കടവൂർ
- നെടുമൺകാവ്
- മൈനാഗപള്ളി
- ഓച്ചിറ
- നിലമേൽ
- പാലത്തറ
- ശൂരനാട്
- കലയ്ക്കോട്
- കുളക്കട
- പത്തനാപുരം
- അഞ്ചൽ
- കുളത്തുപ്പുഴ

- ചവറ
- തെക്കുംഭാഗം
- വെളിനല്ലൂർ
- കുണ്ടറ

## <u>താലൂക്ക് ആശുപത്രികൾ</u>

- കടയ്ക്കൽ  താലൂക്ക് ആശുപത്രി
- കുണ്ടറ താലൂക്ക് ആശുപത്രി
- നെടുങ്ങോലം താലൂക്ക് ആശുപത്രി
- നീണ്ടകര താലൂക്ക് ആശുപത്രി

## <u>താലൂക്ക് ആസ്ഥാന ആശുപത്രികൾ</u>

- കരുനാഗപ്പള്ളി  താലൂക്ക് ആസ്ഥാന ആശുപത്രി
- കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രി
- പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി
- ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രി

## V. ജില്ലയിലെ വികസന പ്രവർത്തനങ്ങൾ : നിയോജക മണ്ഡല അടിസ്ഥാനത്തിൽ

## 1. ചാത്തന്നൂർ

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | ഗവൺമെന്റ് മെഡിക്കൽ കോളേജ് , പാരിപ്പള്ളി | 65,00,000 | ഇ .സി.ആർ.പി പീഡിയാട്രിക് കെയർ യൂണിറ്റ് (30 ഓക്സിജൻ ബെഡ് ആൻഡ് 8 ഐ.സി.യു ബെഡ് | പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ , കലക്കോട് | 37,50,000 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |
| 3 | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം , ഗവ മെഡിക്കൽ കോളേജ് ആശുപത്രി , കൊല്ലം | 1.39 CR | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം | പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |

| | | | | | |
|---|---|---|---|---|---|
| 4 | ഗവൺമെന്റ് മെഡിക്കൽ കോളേജ് , പാരിപ്പള്ളി | 21.38 CR | PM-ABHIM ക്രിട്ടിക്കൽ കെയർ യൂണിറ്റ് നിർമ്മാണം | 50 % പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |
| 6 | താലൂക്ക് ആശുപത്രി നെടുങ്ങോലം | 1.2 CR | STP | ഭരണാനുമതി നൽകി | ചാത്തന്നൂർ |
| 7 | താലൂക്ക് ആശുപത്രി നെടുങ്ങോലം | 1.27 CR | ആർദ്രം നിലവാരത്തിൽ ഓ പി നവീകരണം | 80 % പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |
| 8 | പ്രാഥമിക ആരോഗ്യ കേന്ദ്രം ചിറക്കര | 12.17 L | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | 100% പ്രവർത്തി പൂർത്തീകരിച്ചു | ചാത്തന്നൂർ |
| 9 | പ്രാഥമിക ആരോഗ്യ കേന്ദ്രം ആദിച്ചനല്ലൂർ | 15.5 L | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു , പ്രവർത്തി ഉടൻ ആരംഭിക്കും . | ചാത്തന്നൂർ |

## 2. കരുനാഗപ്പള്ളി

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഓച്ചിറ | 37,50,000 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | കരുനാഗപ്പള്ളി |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം തൊടിയൂർ | 20.08 L | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | കരുനാഗപ്പള്ളി |

## 3. ചവറ

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചവറ | 37.5 L | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | ചവറ |

# 4. കുന്നത്തൂർ

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം ,ശൂരനാട് | 20,11,833 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | കുന്നത്തൂർ |
| 2 | പ്രാഥമിക ആരോഗ്യ കേന്ദ്രം മൺറോ ഐലൻഡ് | 3.23 CR | പുതിയ ആശുപത്രി കെട്ടിട നിർമ്മാണം | 90 % പ്രവർത്തി പൂർത്തീകരിച്ചു | കുന്നത്തൂർ |
| 3 | പ്രാഥമിക ആരോഗ്യ കേന്ദ്രം പോരുവഴി | 1.43 CR | പുതിയ ആശുപത്രി കെട്ടിട നിർമ്മാണം | 95 % പ്രവർത്തി പൂർത്തീകരിച്ചു | കുന്നത്തൂർ |
| 4 | താലൂക്ക് ആസ്ഥാന ആശുപത്രി ശാസ്താംകോട്ട | 6CR | ഗൈനക് ബ്ലോക്ക് നിർമ്മാണം | DPR | കുന്നത്തൂർ |
| 5 | താലൂക്ക് ആസ്ഥാന ആശുപത്രി ശാസ്താംകോട്ട | 1.41 CR | ആർദ്രം നിലവാരത്തിൽ ഓ പി നവീകരണം | 100 % പ്രവർത്തി പൂർത്തീകരിച്ചു | കുന്നത്തൂർ |

## 5. കൊല്ലം

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | എ.എം.ആർ സർവൈലൻസ് , ഹബ് ആൻഡ് സ്പോക്ക് മോഡ് (ജില്ലാ ആശുപത്രിയിലെ മൈക്രോ ബയോളജി ലാബ്) | 1666000 | ജില്ലാ ആശുപത്രിയിലെ മൈക്രോ ബയോളജി ലാബ് സജ്ജീകരണം | പ്രവർത്തി പൂർത്തീകരിച്ചു | കൊല്ലം |
| 2 | വാക്സിൻ സ്റ്റോർ നിർമ്മാണം , കൊല്ലം | 2.16 CR | പുതിയ കെട്ടിട നിർമ്മാണം | 60 % പ്രവർത്തി പൂർത്തീകരിച്ചു | കൊല്ലം |
| 3 | സാമൂഹികാരോഗ്യ കേന്ദ്രം പാലത്തറ | 10 കോടി | പുതിയ കെട്ടിട നിർമ്മാണം | 30 % പ്രവർത്തി പൂർത്തീകരിച്ചു | കൊല്ലം |
| 4 | വിക്ടോറിയ ആശുപത്രി, കൊല്ലം | 37,44,000 | ഇ .സി.ആർ.പി പീഡിയാട്രിക് കെയർ യൂണിറ്റ് (6 ബെഡ് എച്ച്.ഡി.യു ആൻഡ് 10 ഓക്സിജൻ ബെഡ് | പ്രവർത്തി പൂർത്തീകരിച്ചു | കൊല്ലം |

**6.** ചടയമംഗലം

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം , താലൂക്ക് ആശുപത്രി കടയ്ക്കൽ | 1.39CR | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം | പ്രവർത്തി പൂർത്തീകരിച്ചു | ചടയമംഗലം |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിലമേൽ | 37.5 L | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | ചടയമംഗലം |
| 3 | പ്രാഥമിക ആരോഗ്യ കേന്ദ്രം കുമ്മിൾ | 1.43 CR | പുതിയ ആശുപത്രി കെട്ടിട നിർമ്മാണം | 85 % പ്രവർത്തി പൂർത്തീകരിച്ചു | ചടയമംഗലം |

## 7. കൊട്ടാരക്കര

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം , താലൂക്ക് ആസ്ഥാന ആശുപത്രി , കൊട്ടാരക്കര | 1.61 CR | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക് ബ്ലോക്ക് സജ്ജീകരണം | പ്രവര്‍ത്തി പൂര്‍ത്തീകരിച്ചു | കൊട്ടാരക്കര |
| 2 | പ്രാഥമിക ആരോഗ്യ കേന്ദ്രം മൈലം | 15.5 L | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയര്‍ത്തല്‍ | 70 % പ്രവര്‍ത്തി പൂര്‍ത്തീകരിച്ചു | കൊട്ടാരക്കര |

## 8. പുനലൂർ

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം ഇടമുളയ്ക്കൽ | 15.63 L | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | പുനലൂർ |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം ,അച്ചൻ കോവിൽ | 15.5 L | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | പുനലൂർ |
| 3 | CHC കുളത്തൂപ്പുഴ | 3.20 CR | പുതിയ ആശുപത്രി കെട്ടിട നിർമ്മാണം | 100 % പ്രവർത്തി പൂർത്തീകരിച്ചു | പുനലൂർ |
| 4 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,അഞ്ചൽ | 37.5 L | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | 90 % പ്രവർത്തി പൂർത്തീകരിച്ചു | പുനലൂർ |
| 5 | പ്രാഥമിക ആരോഗ്യ കേന്ദ്രം ഏരൂർ | 15.5 L | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | 100 % പ്രവർത്തി പൂർത്തീകരിച്ചു | പുനലൂർ |
| 6 | കുളത്തുപ്പുഴ സാമൂഹികാരോഗ്യകേന്ദ്രം-പീഡിയാട്രിക് വാർഡ് | 75 L | പീഡിയാട്രിക് വാർഡ് നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു | പുനലൂർ |

## 9. പത്തനാപുരം

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം പട്ടാഴി വടക്കേക്കര | 15.5 L | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | 100 % പ്രവർത്തി പൂർത്തീകരിച്ചു | പത്തനാപുരം |

## 10. ഇരവിപുരം

| ക്രമ നമ്പര് | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം , ഇരവിപുരം | 3.17 CR | പുതിയ ആശുപത്രി കെട്ടിട നിർമ്മാണം | 85 % പ്രവർത്തി പൂർത്തീകരിച്ചു | ഇരവിപുരം |

## 11. കുണ്ടറ

| ക്രമ നമ്പർ | സ്ഥാപനം | അടങ്കല് തുക | വിശദാംശങ്ങള് | നിലവിലെ സ്ഥിതി | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നെടുമ്പന | 37.5 L | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | കുണ്ടറ |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം ,തൃക്കോവിൽവട്ടം | 2047425 | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | പ്രവർത്തി പൂർത്തീകരിച്ചു | കുണ്ടറ |










BLOCK FAMILY HEALTH CENTRE NEDUMPANA


Sep 12, 2024 4:10:06 PM
Chavara - Sasthamkotta Road
Peruvelikkara Sasthamcotta Kerala

















## VI. ബയോമെഡിക്കൽ എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം

- ആർദ്രം പദ്ധതിയുടെ ഭാഗമായി ലാബ് സജ്ജമാക്കുവാനായി വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ഉപകാരങ്ങൾ വിതരണം ചെയ്തു.

    - ആർദ്രം ഒന്നാം ഘട്ടം : 2017 -18
    - ആർദ്രം രണ്ടാം ഘട്ടം : 2018 -19
    - ആർദ്രം മൂന്നാം ഘട്ടം : 2019-20

- എന്നീ ആർദ്രം പദ്ധതികളിൽ പണി പൂർത്തീകരിച്ച എല്ലാം സ്ഥാപനങ്ങൾക്കും ഉപകരണങ്ങൾ വിതരണം ചെയ്തു .

### പ്രധാനപ്പെട്ട ഉപകരണങ്ങൾ സ്ഥാപിച്ചത്

- 2016-2021 കാലയളവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങൾ

    - താലൂക്ക് ആശുപത്രി കൊട്ടാരക്കര
    - താലൂക്ക് ആശുപത്രി കടക്കൽ
    - താലൂക്ക് ആശുപത്രി ശാസ്താംകോട്ട
    - താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി.
    - താലൂക്ക് ആശുപത്രി നെടുങ്ങോലം
    - പാരിപ്പള്ളി മെഡിക്കൽ കോളേജ്

- 2016-2025 കാലയളവിൽ സി.റ്റി സ്കാൻ പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങൾ

    - കൊട്ടാരക്കര താലൂക്ക് ആശുപത്രി 1.98 കോടി രൂപ
    - പുനലൂർ താലൂക്ക് ആശുപത്രി 1.66.കോടി രൂപ
    - കൊല്ലം ജില്ലാ ആശുപത്രി 5.കോടി രൂപ

- 2016 -25 കാലയളവിൽ കാത്ത് ലാബ് ആരംഭിച്ച ആശുപത്രികൾ

    - കൊല്ലം ജില്ലാ ആശുപത്രി ,
    - പാരിപ്പള്ളി മെഡിക്കൽ കോളേജ്

- 2016 -25 കാലയളവിൽ എക്സ്-റേ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കിയ ആശുപത്രികൾ

    - കടക്കൽ താലൂക്ക് ആശുപത്രി : 17 ലക്ഷം
    - സാമൂഹികാരോഗ്യ കേന്ദ്രം വെളിനല്ലൂർ : 2090248 രൂപ
    - സാമൂഹികാരോഗ്യ കേന്ദ്രം നെടുമൺകാവ് : 1020839 രൂപ
    - താലൂക്ക് ആശുപത്രി ശാസ്താംകോട്ട : 1213232 രൂപ
    - കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി : 2101152 രൂപ
    - കുടുംബാരോഗ്യ കേന്ദ്രം ആലപ്പാട് : 8 .79 ലക്ഷം രൂപ
    - കുടുംബാരോഗ്യ കേന്ദ്രം ഓച്ചിറ : 21 ലക്ഷം

- 2024-25 കാലയളവിൽ എക്സ് റേ ഉപകരണം കൊട്ടാരക്കര താലൂക് ആശുപത്രിക്കു വിതരണം ചെയ്തു 2016 -21 കാലയളവിൽ ജില്ലാ ആശുപത്രിയിൽ ആം ആർ ഐ ഉപകരണം പ്രവർത്തനം ആരംഭിച്ചു .

- 2016 -21 മാമ്മോഗ്രാം യൂണിറ്റുകൾ ആരംഭിച്ച ആശുപത്രികൾ .
    - ജില്ലാ ആശുപത്രി ,
    - താലൂക് ആശുപത്രി പുനലൂർ,
    - പാരിപ്പള്ളി മെഡിക്കൽകോളേജ്

- ഇ.സി.ആർ.പി (കോവിഡ് ഫണ്ട് )മുഖാന്തരംസ്ഥാപിച്ച പീഡിയാട്രിക് യൂണിറ്റുകളിൽ ഐ സി യു / എച്ച് ഡി യു ഉപകരണങ്ങൾ വിതരണം ചെയ്ത ആശുപത്രികൾ .
    - പാരിപ്പള്ളി മെഡിക്കൽകോളേജ്,
    - വിക്ടോറിയ ആശുപത്രി .

- ലാപ്രോസ്കോപ്പി ഉപകരണം വിതരണം ചെയ്ത ആശുപത്രികൾ
    - കടക്കൽ താലൂക്ക് ആശുപത്രി
    - ജില്ലാ ആശുപത്രി

# VII. ദേശീയ നഗര ആരോഗ്യ ദൗത്യം

നഗര പ്രദേശത്തെ ജനങ്ങൾക്കു മെച്ചപ്പെട്ട ആരോഗ്യ സേവനം ഉറപ്പാക്കുവാൻ നഗര പ്രദേശങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു ജില്ലയിൽ 5 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

**പുനലൂർ നിയോജക മണ്ഡലം :**

- നഗര കുടുംബാരോഗ്യകേന്ദ്രം പുനലൂർ

- **കരുനാഗപ്പള്ളി നിയോജക മണ്ഡലം :**
  - നഗര കുടുംബാരോഗ്യകേന്ദ്രം കരുനാഗപ്പള്ളി -
  - പുതിയ കെട്ടിടം പണിത് നൽകി, പ്രവർത്തനം ആരംഭിച്ചു .

- **കൊല്ലം നിയോജക മണ്ഡലം :**

- നഗര കുടുംബാരോഗ്യകേന്ദ്രം മുണ്ടക്കൽ, നഗര കുടുംബാരോഗ്യകേന്ദ്രം ഉളിയക്കോവിൽ, നഗര കുടുംബാരോഗ്യകേന്ദ്രം വാടി.

- കൊല്ലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് .

- **വഴികാട്ടി** : സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലെ തിരക്കേറിയ റെയിൽവേ സ്റ്റേഷൻ/ ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രഥമ ശുശ്രൂഷ കേന്ദ്രമാണ് വഴികാട്ടി. വഴികാട്ടി നിലവിൽ കൊല്ലം റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു

- നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ ഓ.പി , ലബോറട്ടറി , ഫർമസി, നഴ്സിങ് , ഇമ്മ്യൂണൈസേഷൻ , കുടുംബാസൂത്രണം , ഫീൽഡ് തല രോഗ പ്രതിരോധ പ്രവർത്തങ്ങൾ തുടങ്ങിയവ പ്രദാനം ചെയ്യുന്നു.

- ആഴ്ചയിൽ ഒരു ദിവസം ജീവിത ശൈലീ രോഗ നിർണയ ക്ലിനിക്കും , കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പും നടത്തിവരുന്നു. വാർഡ് തലത്തിൽ ഗര്ഭിണികൾക്കുള്ള ക്ലിനിക്കുകൾ , RBSK സേവനങ്ങൾ, ഔട്ട് റീച് ഇമ്മ്യൂണൈസേഷൻ , ചേരികൾ കേന്ദ്രീകരിച്ചു സ്പെഷ്യൽറ്റി മെഡിക്കൽ ക്യാമ്പുകൾ , വാക്സിനേഷൻ സേവനങ്ങൾ.

- വിദഗ്ദ്ധ സേവനം ഉറപ്പാക്കി പോളിക്ലിനിക്കുകൾ ആയി നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉയർത്തുകയും ചെയ്യു .

## VIII. പാലിയേറ്റിവ് കെയർ പദ്ധതി

❖ <u>ഹോം കെയർ യൂണിറ്റ്</u>

- പാലിയേറ്റിവ് കെയർ പ്രോഗ്രാമിന്റെ ഭാഗമായി ജില്ലയിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രിയിലും വിദഗ്ധ പരിചരണ യൂണിറ്റുകൾ ആരംഭിച്ചു .

- ജില്ലയിൽ 8 സ്ഥാപനങ്ങളിൽ മാത്രം ഉണ്ടായിരുന്ന വിദഗ്ധ പാലിയേറ്റിവ് കെയർ യൂണിറ്റുകൾ ഇന്ന് 24 സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.

- നിലവിൽ 80 പ്രാഥമിക പരിചരണ യൂണിറ്റുകളും 24 വിദഗ്ധ പരിചരണ യൂണിറ്റുകളും ജില്ലാ ആശുപത്രി കേന്ദ്രീകരിച്ചു ടെറിഷ്യറി കെയർ സെന്ററും പ്രവർത്തിക്കുന്നു. ജില്ലയിലെ പാലിയേറ്റിവ് കെയർ പ്രവർത്തനം താഴെ പറയുന്ന മേഖലകളിലേക്ക് കൂടി വ്യാപിപ്പിച്ചു.

ജില്ലയിലെ പാലിയേറ്റീവ് കെയർ പ്രവർത്തനം താഴെ പറയുന്ന മേഖലകളി ലേക്കു കൂടി വ്യാപിപ്പിച്ചു.

- ജനകീയ ആരോഗ്യ കേന്ദ്രം വഴിയുള്ള സേവനം
- കുടുംബാരോഗ്യ കേന്ദ്രം വഴിയുള്ള സേവനം
- സാമൂഹികാരോഗ്യ കേന്ദ്രം വഴിയുള്ള സേവനം
- താലൂക്ക് ആശുപത്രികൾ വഴിയുള്ള സേവനം
- ജില്ലാ ആശുപത്രി വഴിയുള്ള സേവനം
- മെഡിക്കൽ കോളേജ് വഴിയുള്ള സേവനം
- ആയുർവ്വേദ പാലിയേറ്റീവ് കെയർ
- ഹോമിയോ പാലിയേറ്റീവ് കെയര്

- കെയർ ഹോമുകളില് സന്ദർശനം
- ക്യാംപസ് പാലിയേറ്റീവ് കെയർ
- ഫിസിയോതെറാപ്പി യൂണിറ്റ്

ജില്ലയിലെ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ഫിസിയോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചു. ആഴ്ചയിൽ മൂന്നു ദിവസം ഫിസിയോതെറാപ്പി ഒ.പി സേവനവും മൂന്നു ദിവസം കിടപ്പിലായവരുടെ വീടുകളില് പോയി ഫിസിയോതെറാപ്പിയും നൽകുന്നു. അതു വഴി മുൻകൂട്ടി പരിചരണം സാധ്യമാക്കുവാൻ സാധിക്കുന്നു.

❖ <u>ട്രീറ്റ്മെന്റ് സപ്പോർട്ടിംഗ് യൂണിറ്റ്</u>

- ജില്ലയിൽ ആരംഭിച്ച ഒരു നൂതന പരിപാടിയാണ് പാലിയേറ്റീവ് കെയർ ട്രീറ്റ്മെന്റ് സപ്പോർട്ടിംഗ് യൂണിറ്റ്.
- രോഗിയുടെയും കുടുംബത്തിന്റെയും ശാരീരികവും മാനസികവും സാമൂഹികവുമായ പിന്തുണ പൊതു സമൂഹത്തിന്റെ പിന്തുണയോടെ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ആണ് പദ്ധതി ആരംഭിച്ചത്.
- ജില്ലയിലെ റവന്യൂ ബ്ലോക്ക് അടിസ്ഥാനത്തിൽ ആണ് പദ്ധതി തുടങ്ങിയത്.

❖ <u>മേഘസ്പർശം ടെലി മെഡിസിൻ ക്യാമ്പയിൻ</u>

- പൂർണമായും കിടപ്പിലായ രോഗികൾക്കു വേണ്ടി ജില്ലയില് ആരംഭിച്ച പദ്ധതിയാണ് മേഘസ്പർശം ടെലി മെഡിസിൻ ക്യാമ്പയിൻ.
- രോഗികൾക്കായി ഒൺലൈനായും നേരിട്ടും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്.

* <u>പാലിയേറ്റീവ് കെയർ ഗ്രിഡ്</u>

- പാലിയേറ്റീവ്കെയറിന്റെ എല്ലാ വിധ സേവനങ്ങളും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ട് വരുന്ന സംവിധാനമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ്.
- സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തില് സന്നദ്ധ സംഘടനകളുടെയും പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും പിന്തുണയോടെ ഗുരുതര രോഗ ബാധിതർക്കും കുടുംബങ്ങൾക്കുംചികിത്സാപരവും സാമൂഹികവും മാനസികവുമായ ഗൃഹ കേന്ദ്രീകൃത പരിചരണം നൽകുന്ന സാമൂഹികാധിഷ്ഠിത ആരോഗ്യ പരിചരണ ശൃംഖലയാണ് കേരള പാലിയേറ്റീവ് കെയർ ഗ്രിഡ്.
- ഇതിലൂടെ മുഴുവൻ രോഗികളുടെയും രജിസ്ട്രേഷൻ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷൻ, സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ എന്നിവ ചെയ്യാവുന്നതാണ്.

## IX. ക്വാളിറ്റി അഷ്വറൻസ് പ്രോഗ്രാം

- ആശുപത്രികളിലെ ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഇന്ത്യയിൽ സ്ഥാപിച്ച ഗുണ നിലവാര മാനദണ്ഡങ്ങളെയാണ് NQAS സൂചിപ്പിക്കുന്നത് .

- രോഗി പരിചരണം മെച്ചപ്പെടുത്തുക, ആശുപത്രികളുടെ വിശ്വാസ്യത വർധിപ്പിക്കുക , അടിസ്ഥാന സൗകര്യ വികസനം, എന്നിവയാണ് പരിപാടി ലക്ഷ്യം വെയ്ക്കുന്നത് .

- അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത് . മൂന്നു വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃ പരിശോധന ഉണ്ടാകും , കൂടാതെ വർഷ വർഷം സംസ്ഥാനതല പരിശോധനയുണ്ടാകും.

- NQAS അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 2 ലക്ഷം രൂപ വീതവും , ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18000 രൂപ വീതവും , ഐ.പി സേവനങ്ങൾ ഉള്ള ആശുപത്രികളിലെ ഒരു കിടക്കയ്ക്കു 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കുന്നു.

### ജില്ലയിൽ NQAS കരസ്ഥമാക്കിയ സ്ഥാപനങ്ങൾ

- ജില്ലാ ആശുപത്രി കൊല്ലം
- താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ
- താലൂക്ക് ആശുപത്രി കടയ്ക്കൽ

- സാമൂഹികാരോഗ്യ കേന്ദ്രം തൃക്കടവൂർ
- കുടുംബാരോഗ്യ കേന്ദ്രം മാങ്കോട് ചിതറ
- കുടുംബാരോഗ്യ കേന്ദ്രം വെളിയം
- കുടുംബാരോഗ്യ കേന്ദ്രം ചാത്തന്നൂർ
- കുടുംബാരോഗ്യ കേന്ദ്രം ഇളമ്പള്ളൂർ
- കുടുംബാരോഗ്യ കേന്ദ്രം ചവറ
- കുടുംബാരോഗ്യ കേന്ദ്രം അഴീക്കൽ
- കുടുംബാരോഗ്യ കേന്ദ്രം ശൂരനാട് സൗത്ത്
- കുടുംബാരോഗ്യ കേന്ദ്രം പെരുമൺ
- കുടുംബാരോഗ്യ കേന്ദ്രം തഴവ
- കുടുംബാരോഗ്യ കേന്ദ്രം മടത്തറ
- കുടുംബാരോഗ്യ കേന്ദ്രം കരവാളൂർ
- കുടുംബാരോഗ്യ കേന്ദ്രം ശക്തികുളങ്ങര
- കുടുംബാരോഗ്യ കേന്ദ്രം അലയമൺ
- കുടുംബാരോഗ്യ കേന്ദ്രം ആര്യങ്കാവ്
- കുടുംബാരോഗ്യ കേന്ദ്രം പട്ടാഴി വടക്കേക്കര
- നഗര കുടുംബാരോഗ്യ കേന്ദ്രം മുണ്ടക്കൽ
- നഗര കുടുംബാരോഗ്യ കേന്ദ്രം ഉളിയക്കോവിൽ
- നഗര കുടുംബാരോഗ്യ കേന്ദ്രം കരുനാഗപ്പള്ളി
- നഗര കുടുംബാരോഗ്യ കേന്ദ്രം പുനലൂർ
- ആയുഷ്മാൻ ആരോഗ്യ മന്ദിർ മടത്തറ മെയിൻ സെന്റർ

## X. രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം (RBSK)

- 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും തുടക്കത്തിൽ തന്നെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണിത്.

- നവജാത ശിശുക്കളിൽ ജൻമനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ഇതിന്റെ ഭാഗമാണ്. ജില്ലയിലെ 85 ആർ ബി എസ് കെ നേഴ്സ്മാർ അഗൻവാടി , സ്കൂളുകൾ , പ്രതിരോധ കുത്തിവെപ്പ് എടുക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ക്രീനിംഗ് നടത്തുന്നു.

### സ്ക്രീനിങ്

| Indicators | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| Target(0-6yrs) | 215423 | 207456 | 172346 | 143008 | 124341 |
| Target( 6–18yrs) | 344568 | 367893 | 282456 | 249733 | 217584 |
| Screened(0-6yrs | 193880 | 190859 | 163729 | 124341 | 123097 |
| Screened(( 6–18yrs) | 317003 | 338462 | 262684 | 75848 | 206705 |

❖ ശലഭം - **COMPREHENSIVE NEWBORN SCREENING PROGRAMME**

- സർക്കാർ ആശുപത്രികളില് ജനിക്കുന്ന സമഗ്ര ആരോഗ്യ പരിശോധനയിലൂടെ അവരുടെ അസുഖങ്ങള് കാലേകൂട്ടി കണ്ടെത്തുന്നതിനും, കൃത്യമായ ഇടപെടൽ നടത്തി ചികിത്സ ഉറപ്പ് വരുത്തുന്നതിനും ഫോളോപ്പ് നടപടകൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി ആവിഷ്കരിച്ചിക്കുന്ന പദ്ധതിയാണിത്.

- കൊല്ലം ജില്ലയിലെ പ്രസവം നടക്കുന്ന 9 ആശുപത്രികളിലും ഇ സേവനം ലഭ്യമാണ്



❖ <u>രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (RKSK)</u>

- കൗമാരക്കാരുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക്കുകൾ.

- കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിൽ കൗൺസിലർമാർ നിർണായക പങ്ക് വഹിക്കുന്നു.

- കൗമാര ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവർ ക്ലയന്റുകളെ അറിയിക്കുകയും ബോധവൽക്കരിക്കുകയും കൗൺസിലിംഗ് നടത്തുകയും ചെയ്യുന്നു. കൂടാതെ, ഇന്റഗ്രേറ്റഡ് കൗൺസിലിംഗ് ടെസ്റ്റിംഗ് സെന്റർ (ICTC), ഡീ-അഡിക്ഷൻ സെന്റർ, നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്കുകൾ തുടങ്ങിയ ആരോഗ്യ സൗകര്യങ്ങളിലേക്കോ മറ്റ് സേവന കേന്ദ്രങ്ങളിലേക്കോ ക്ലയന്റുകളെ റഫർ ചെയ്യുന്നു.

- സ്കൂളുകൾ, കോളേജുകൾ, യൂത്ത് ക്ലബ്ബുകൾ, സമൂഹം എന്നിവിടങ്ങളിൽ ആഴ്ചയിൽ രണ്ടുതവണയെങ്കിലും കൗമാരക്കാർ, പരിചരണകർ, സ്വാധീനം ചെലുത്തുന്നവർ എന്നിവരെ വിവിധ കൗമാര ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ലഭ്യമായ വിവിധ കൗമാര സൗഹൃദ ആരോഗ്യ സേവനങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും കൗൺസിലർമാരുടെ ഔട്ട്റീച്ച് സേവനങ്ങൾ നടത്തുന്നു.

- ഈ പ്രോഗ്രാമിന്റെ ഭാഗമായി സ്കൂളുകളിൽ പിയർ എഡ്യൂക്കേറ്റർ (കുട്ടി ഡോക്ടർ) നിയോഗിച്ചിട്ടുണ്ട് .കൊല്ലം ജില്ലയിൽ 600 പിയർ ഗ്രൂപ്പ് കുട്ടികളാണ് ഉള്ളത്.

| Case Profile | Total number of counselor | 2020-21 | 2021-22 | 2022-23 | 2023-24 | 2024–25 |
|---|---|---|---|---|---|---|
| **Total Cases** | **5** | 13840 | 12000 | 7200 | 6456 | 6851 |
| **Follow Up cases** | | 6456 | 8762 | 4325 | 3456 | 2348 |

| Year | Total Peer Educators selected | Trained |
|---|---|---|
| 2022-23 | 200 | 200 |
| 2023-24 | 200 | 200 |
| 2024-25 | 200 | 200 |

# XI. ജില്ലയിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ വികസന നേട്ടങ്ങൾ : സേവനങ്ങൾ

## 1. കൊല്ലം നിയോജക മണ്ഡലം

### ❖ എ.എ റഹീം ഗവൺമെന്റ് ജില്ലാ ആശുപത്രി കൊല്ലം

- 537 കിടക്കകൾ ഉള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി
- കാർഡിയോളജി, ന്യൂറോളജി,നെഫ്രോളജി,ഡയാലിസിസ് തുടങ്ങി സൂപ്പർ സ്പെഷ്യലിറ്റി സേവനങ്ങൾ
- ട്രാൻസ്ജൻഡർ ക്ലിനിക് , എസ.ടി.ഡി ക്ലിനിക് , ഐ.ഡി.ആർ.വി തുടങ്ങിയ ക്ലിനിക്കുകൾ
- കാത്ത് ലാബ്, മെഡിക്കൽ ഐ.സി.യു, സർജിക്കൽ ഐ.സി.യു, സ്ട്രോക്ക് യൂണിറ്റ്, ഇന്റെൻസീവ് കൊറോണറി കെയർ യൂണിറ്റ്
- പ്രതിദിനം 90 രോഗികൾക്ക് ഡയാലിസിസ് ചെയ്യുവാൻ സാധിക്കുന്ന അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ഡയാലിസിസ് യൂണിറ്റ്
- ലബോറട്ടറി, മോഡുലാർ ഫർമസി, ആഞ്ജിയോഗ്രാം, യു .എസ് .ജി , ബ്രോങ്കോസ്കോപ്പി , എക്കോ, .ടി.എം.ടി , ഹോൾട്ടർ മോണിറ്ററിങ്
- ക്യാൻസർ കീമോ തെറാപ്പി യൂണിറ്റ്, ഓ.പി ഐ.പി പാലിയേറ്റിവ് സേവനങ്ങൾ
- കൃത്രിമ കൈകൾ നിർമിച്ചു നൽകുന്ന ലിംഫ് ഫൈറ്റിങ് സെന്റർ
- അത്യാധുനിക സജ്ജീകരങ്ങളോട് കൂടിയ ഓപ്പറേഷൻ തീയറ്റർ
- 24 മണിക്കൂർ സി.ടി, എം.ആർ.ഐ സേവനങ്ങൾ

## ❖ ഗവണ്മെന്റ് വിക്ടോറിയ ആശുപത്രി കൊല്ലം

- സ്ത്രീകൾക്കും കുട്ടികൾക്കുമായി ഉള്ള ജില്ലാ ആശുപത്രി
- പ്രതിമാസം 450 ൽ കുറയാത്ത പ്രസവം.
- അത്യാധുനിക സജീകരണങ്ങളോട് കൂടിയ ഓപ്പറേഷൻ തീയറ്റർ
- വേദനരഹിത സുഖ പ്രസവത്തിനുള്ള സൗകര്യം,
- ആധുനിക സംവിധാനത്തോട് കൂടിയുള്ള കീഹോൾ സർജറി
- 24 മണിക്കൂറും ലഭിക്കുന്ന ഗൈനക്കോളജി, അനസ്തേഷ്യ സേവനങ്ങൾ,ലാബ് , എക്സ് -റേ, ഫാർമസി, ആംബുലൻസ് സേവനം
- പ്രസവത്തിനു എത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാരിലെ ഒരാളെ പ്രസവത്തിനു കൂടെ അനുവദിക്കുന്ന ഒപ്പം പദ്ധതി
- നവജാത ശിശു ഐ.സി.യു ,
- ഗർഭിണികൾക്കുള്ള ഡയറ്റ് ക്ലിനിക്, കൗമാര പ്രായക്കാർക്കുള്ള കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക് , ഓട്ടിസം ബാധിച്ചവർക്കുള്ള ക്ലിനിക്, വന്ധ്യതാ നിവാരണ ക്ലിനിക്
- കുട്ടികൾക്കായുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം -

## 2. കരുനാഗപ്പള്ളി നിയോജക മണ്ഡലം

### ❖ കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രി

- 229 കിടക്കകൾ ഉള്ള താലൂക്ക് ആസ്ഥാന ആശുപത്രി
- 10 കിടക്കകൾ ഉള്ള മെഡിക്കകൾ ഐ.സി.യു
- 6 കിടക്കളോടു കൂടിയ ഡയാലിസിസ് വിഭാഗം
- സെറാമിക് യൂണിറ്റോടു കൂടിയ ഡെന്റൽ വിഭാഗം
- 24 മണിക്കൂർ അത്യാഹിത സേവനം, ക്ലിനിക്കൽ ലബോറട്ടറി, ഫർമസി, എക്സ്-റെ, , ഇ.സി.ജി , ആംബുലൻസ് സേവനം,
- ജനറൽ മെഡിസിൻ, സർജറി ,ഗൈനക്കോളജി വിഭാഗം, ശിശു രോഗ വിഭാഗം, ഓർത്തോ പീഡിക്സ്, , നേത്ര രോഗ വിഭാഗം , ദന്ത രോഗ വിഭാഗം , നേത്ര രോഗ വിഭാഗം, , ഇ.എൻ.ടി വിഭാഗം,
- ക്ലബ് ഫൂട്ട് ക്ലിനിക്, കൗമാര ആരോഗ്യ ക്ലിനിക്, അനുയാത്ര ക്ലിനിക്, ഭൂമിക ക്ലിനിക്
- ജനറൽ സർജറി, ലാപ്രോ സ്കോപി സർജറി, മുട്ട് മാറ്റി വെക്കൽ ശസ്ത്രക്രിയ, ഇ.എൻ.ടി ശസ്ത്രക്രിയ
- 24 x 7 പ്രസവ സൗകര്യം
- ആശധാര പദ്ധതി സേവനം

## 3. കൊട്ടാരക്കര നിയോജക മണ്ഡലം

### ❖ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രി

- 222 കിടക്കകൾ ഉള്ള താലൂക്ക് ആസ്ഥാന ആശുപത്രി
- 24 മണിക്കൂർ അത്യാഹിത സേവനം, ക്ലിനിക്കൽ ലബോറട്ടറി, ഫർമസി, എക്സ്-റെ, സി.ടി സ്കാൻ , ഇ.സി.ജി , ആംബുലൻസ് സേവനം, ഓക്സിജൻ പ്ലാന്റ്
- ജനറൽ മെഡിസിൻ, സർജറി ,ഗൈനക്കോളജി വിഭാഗം, ശിശു രോഗ വിഭാഗം, ഓർത്തോ പീഡിക്സ്, ക്യാൻസർ രോഗ വിഭാഗം, നേത്ര രോഗ വിഭാഗം , ത്വക്ക് രോഗ വിഭാഗം, ദന്ത രോഗ വിഭാഗം , അനസ്തേഷ്യ വിഭാഗം, ഇ.എൻ.ടി വിഭാഗം, സൈക്യാട്രി വിഭാഗം, ഫിസിയാട്രി വിഭാഗം , ശ്വാസ കോശ വിഭാഗം, ക്ഷയരോഗ ക്ലിനിക്,എൻ.സി.ഡി ക്ലിനിക്, മന്ത് രോഗ ക്ലിനിക്
- ഡയാലിസിസ് യൂണിറ്റ്, കീമോ തെറാപ്പി, ബ്ലഡ് ബാങ്ക് , നവജാത ശിശു സ്ക്രീനിങ് , ക്ലബ് ഫൂട്ട് ക്ലിനിക്, ഫിസിയോതെറപ്പി യൂണിറ്റ് ,
- 11 നിലയോടു കൂടിയവാർഡ് ടവർ , 5നിലയോടു കൂടിയുള്ള ഡയഗ്നോസ്റ്റിക്ബ്ലോക്ക്, 4 നിലയോടു കൂടിയുള്ള അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് എന്നിവയുടെ നിർമ്മാണത്തിനായി 90.05കോടി രൂപാ കിഫ്ബി വകയിരുത്തിയിരുന്നു. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ഇതിനകം പൂർത്തിയായി. വാർഡ് ടവറിന്റെനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ലേബർ റൂമിന്റെയും ഓപ്പറേഷൻ തീയറ്ററിന്റെയും കുറ്റമറ്റ സേവനം രോഗികൾക്ക് ലഭിക്കുന്നതിനായി4 ലക്ഷംരൂപ MLA ഫണ്ടും,**1.70**കോടി രൂപ വകയിരുത്തി **NHM** പദ്ധതി ലക്ഷ്യയുട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- മൂന്നു കിടക്കളോടു കൂടിയ സ്ട്രോക്ക് ഐ.സി.യു.360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്ക്

## 4. പുനലൂർ നിയോജക മണ്ഡലം

### ❖ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി

- 419 കിടക്കകൾ ഉള്ള 10 നിലകളോട് കൂടിയ ആശുപത്രി
- അത്യാധുനിക്ക് സജ്ജീകരങ്ങളോടെ തയ്യാറാക്കിയ 7 ഓപ്പറേഷൻ തീയറ്ററുകൾ, 7 ഐ .സി .യു കൾ.
- 24 മണിക്കൂർ അത്യാഹിത സേവനം, ക്ലിനിക്കൽ ലബോറട്ടറി, ഫർമസി, എക്സ്-റെ, ഇ.സി.ജി , ആംബുലൻസ് സേവനം,
- വേദന രഹിത പ്രസവ സ്യൂട്ടുകൾ, പ്രസവ സമയത്തു കൂടെ ആളെ അനുവദിക്കുന്ന അരികെ പദ്ധതി.
- ഗൈനക്കോളജി, ന്യൂറോളജി, നെഫ്രോളജി, സ്ട്രോക്ക് യൂണിറ്റ്, സൈക്യാട്രി , ത്വക്ക് രോഗ വിഭാഗം,ഫിസികകൾ മെഡിസിൻ & റീഹാബിലിറ്റേഷൻ , ട്രാൻസ് ഫ്യൂഷൻ മെഡിസിൻ
- യു .എസ് .ജി , മാമോഗ്രാം , സി.റ്റി സ്കാൻ, ഡെന്റൽ എക്സ് -റേ വിഭാഗങ്ങൾ
- സ്പെഷ്യലിറ്റി എൻ .സി .ഡി ക്ലിനിക്കുകൾ
- പ്രതിമാസം 500 ഓളം കീമോ തെറാപ്പി .
- സമഗ്ര പാലിയേറ്റിവ് കെയർ സംവിധാനം
- പ്രതിമാസം 1600 ഓളം ഡയാലിസിസ് സേവനങ്ങൾ.

## 5. കുന്നത്തൂർ നിയോജക മണ്ഡലം

### ❖ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രി

- 140 കിടക്കകൾ ഒള്ള താലൂക്ക് ആസ്ഥാന ആശുപത്രി
- ജനറൽ മെഡിസിൻ ,ഇ എൻ ടി ,ജനറൽ സർജറി ,ഗൈനക്കോളജി ,അസ്ഥിരോഗ വിഭാഗം ,ശിശുരോഗ വിഭാഗം ,അനസ്തേഷ്യ ,ദന്തൽ എന്നീ വിഭാഗങ്ങൾ
- 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ,ലാബ് ,എക്സറേ ,ഇ സി ജി , ഫാർമസി
- പി പി യൂണിറ്റ് ,വാക്സിനേഷൻ സർവീസ്
- ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്
- Facility Integrated Counseling and Testing Centre
- സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് , ഫിസിയോതെറാപ്പി
- മോഡുലാർ ഫാർമസി &സ്റ്റോർ
- Antenatal Clinic, NCD Clinic, Mental Health Clinic
- ഡിസെബിലിറ്റി മെഡിക്കൽ ബോർഡ് ,MACT Board
- അനുയാത്ര
- 7 Bed കൾ ഒള്ള 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റ്.

## 6. കുണ്ടറ നിയോജക മണ്ഡലം

- കുണ്ടറ താലൂക്ക് ആശുപത്രി

- 22 ഐ.പി ബെഡുകൾ
- 24 മണിക്കൂറും ലഭ്യമാകുന്ന അത്യാഹിത വിഭാഗം, ലാബ് സേവനം, എക്സ്റേ സേവനം
- സ്പെഷ്യാലിറ്റി, ജനറൽ മെഡിസിൻ, ഗൈനക്കോളജി , പീഡിയാട്രിക് വിഭാഗം, അനസ്തേഷ്യ വിഭാഗം.
- ദിവസേനെ 7 ഡയാലിസിസ് സേവനം നല്കാൻ തക്കവണ്ണം സജ്ജീകരിച്ച ഡയാലിസിസ് യൂണിറ്റ് (പ്രവർത്തനം ഉടൻ ആരംഭിക്കുന്നു)
- ഐ.സി.യു , അത്യാധുനിക മോഡേൺ തീയറ്റർ കോംപ്ലക്സ് ,പേ വാർഡുകൾ ഉൾപ്പെടെ സജ്ജമാക്കുന്ന പുതിയ ബഹുനില കെട്ടിടം

## 7. ചവറ നിയോജക മണ്ഡലം

### ❖ നീണ്ടകര താലൂക്ക് ആശുപത്രി

- 60 ബെഡുകൾ ഉള്ള താലൂക്ക് ആശുപത്രി
- ജനറൽ മെഡിസിൻ , പീഡിയാട്രിക് വിഭാഗത്തെ, ഓർത്തോപീഡിക് വിഭാഗം, ഗൈനക്കോളജി
- ജീവിതശൈലീ രോഗ ക്ലിനിക്, മാനസികാരോഗ്യ ക്ലിനിക്
- ദിവസേനെ 20 പേർക്ക് ഡയാലിസിസ് സേവനം നൽകുന്ന ഡയാലിസിസ് യൂണിറ്റ്
- ലാബ് , ഫർമസി,എക്സ്-റെ,ഇ.സി.ജി സേവനങ്ങൾ
- പാലിയേറ്റിവ് സേവനം
- 24 മണിക്കൂർ ലഭ്യമാകുന്ന അത്യാഹിത വിഭാഗം.

## 8. ചാത്തന്നൂർ നിയോജക മണ്ഡലം

### ❖ നെടുങ്ങോലം താലൂക്ക് ആശുപത്രി

- 66 കിടക്കകൾ ഉള്ള താലൂക്ക് ആസ്ഥാന ആശുപത്രി.
- ദിവസേനെ 600 ഓ .പി , 20 ഐ.പി യും ഉള്ള അആശുപത്രി
- 3 ഷിഫ്റ്റഡ് കൂടിയ 10 കിടക്കകൾ ഉള്ള ഡയാലിസിസ് യൂണിറ്റ്
- ഗൈനക്കോളജി,പീഡിയാട്രിക് ഡന്റൽ എന്നി സ്പെഷ്യാലിറ്റി സേവനങ്ങൾ.
- 24 മണിക്കൂർ, അത്യാഹിത വിഭാഗം ഫർമസി, എക്സ്-റെ, , ഇ.സി.ജി , ആംബുലൻസ്, മോർച്ചറി സേവനം
- ഫിസിയോതെറാപ്പി വിഭാഗം
- സംസ്ഥാന എക്സൈസ് വകുപ്പുമായി സഹകരിച്ചുള്ള
- ജീവിത ശൈലീ രോഗ ക്ലിനിക്, പാലിയേറ്റിവ് ക്ലിനിക്, നവജാത ശിശു ക്ലിനിക്
- വിമുക്തി യൂണിറ്റ്

## 9. ചടയമംഗലം നിയോജക മണ്ഡലം

### ❖ കടയ്ക്കൽ താലൂക്ക് ആശുപത്രി

- 101 കിടക്കളുള്ള താലൂക്ക് ആശുപത്രി.
- പ്രസവം, സിസേറിയൻ, പ്രസവം നിർത്തൽ, ഹിസ്ട്രക്ടമി ശസ്ത്രക്രിയകൾ, ഓർത്തോ ശസ്ത്രക്രിയ , ജനറൽ ശസ്ത്രക്രിയകൾ,
- നവജാത ശിശു സ്ക്രീനിങ് യൂണിറ്റ്, റേഡിയോളജി വിഭാഗം, ബ്ലഡ് സ്റ്റോറേജ്, ഫിസിയോതെറാപ്പി യൂണിറ്റ് .
- 24 മണിക്കൂർ അത്യാഹിത സേവനം, ക്ലിനിക്കൽ ലബോറട്ടറി, ഫാർമസി ഡയാലിസിസ് വിഭാഗം (11 കിടക്കകൾ, 3 ഷിഫ്റ്റ്), എക്സ്-റേ വിഭാഗം, ഇ.സി.ജി വിഭാഗം, മോർച്ചറി ( ഫ്രീസർ സൗകര്യം) ആംബുലൻസ് സേവനം.
- ഓപ്പറേഷൻ തീയറ്റർ സൗകര്യം, ലേബർ റൂം, ഡന്റൽ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനിങ് സൗകര്യം, പേ വാർഡുകൾ, ജ്യോതിസ് സെന്റർ,
- ഓർത്തോ പീഡിക്സ്,, ദന്ത രോഗ വിഭാഗം, ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യ വിഭാഗം.
- ആശുപത്രിക്കു 12 കെട്ടിടങ്ങളായി നിർമിക്കുന്ന പുതിയ ആശുപത്രി സമുച്ചയത്തിന്റെ നിർമാണ ചർച്ചകൾ പുരോഗമിക്കുന്നു.